# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.585 29.11.2018-ൽ മറുപടിക്ക്**

## വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിലെ നിയമനങ്ങൾ

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള**

**ഉത്തരം**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)**

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ, പൊതുമേഖല സ്പിന്നിംഗ് മില്ലുകൾ എന്നിവിടങ്ങളിൽ 2016 ഒക്ടോബർ 20 നശേഷം വിജിലൻസ് ക്ലിയറൻസ് ഇല്ലാതെ ജനറൽ മാനേജർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ എന്നീ തസ്തികകളിൽ താത്കാലികം, അധിക ചുമതല, സ്ഥിരം, ഡെപ്യൂട്ടേഷൻ എന്നീ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ ആരെല്ലാം;

(എ) 2016 ഒക്ടോബർ 20 ന ശേഷം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള മില്ലുകളിൽ ജനറൽ മാനേജർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ എന്നീ തസ്തികകളിൽ നിയമനങ്ങൾ നടന്നിട്ടില്ല.

2016 ഒക്ടോബർ 20 ന ശേഷം ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ മില്ലുകളിൽ സ്ഥിരം, താൽക്കാലികം, ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ആരെയും നിയമിച്ചിട്ടില്ല. 2016 ഒക്ടോബർ 20 ന ശേഷം താഴെ പറയുന്നവർക്ക് അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള മില്ലുകളുടെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറായ ശ്രീ.അതുൾ സെൽവൻ | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽമാനേജിംഗ് ഡയറക്ടറുടെ അധികചുമതല |
| 2 | ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായ ശ്രീ.പി.എസ്.ശ്രീകുമാർ | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല |
| 3 | കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന ശ്രീ.സി.ആർ.രമേഷ് | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് മാനേജിംഗ്ഡയറക്ടറുടെ അധിക ചുമതല |

(ബി) അവരുടെ പേരുവിവരങ്ങളും വിദ്യാഭ്യാസ യോഗ്യതയും നിയമന കാലയളവുകളും വ്യക്തമാക്കുമോ;

(ബി)

<table>
<tr><td colspan="2">1)ശ്രീ.അതുൾ ശെൽവൻ, മാനേജിംഗ് ഡയറക്ടർ(അധിക ചുമതല) ,കൊല്ലംസഹകരണ സ്പിന്നിംഗ് മിൽ(03.03.2017 മുതൽ)</td></tr>
<tr><td>വിദ്യാഭ്യാസ യോഗ്യത</td><td>എം.ടെക് (ടെക്സ്റ്റൈൽ ടെക്നോളജി) PGTTM (Netherland Fellowship)</td></tr>
<tr><td colspan="2">2)ശ്രീ.പി.എസ്.ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ(അധിക ചുമതല) ,തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ(06.04.2018 മുതൽ)</td></tr>
<tr><td>വിദ്യാഭ്യാസ യോഗ്യത</td><td>ബി.സി.എ, ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി, എം.ബി.എ</td></tr>
<tr><td colspan="2">3) ശ്രീ.സി.ആർ.രമേഷ് , മാനേജിംഗ് ഡയറക്ടർ(അധിക ചുമതല) , മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് (06.04.2018 മുതൽ)</td></tr>
<tr><td>വിദ്യാഭ്യാസ യോഗ്യത</td><td>ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി</td></tr>
</table>

(സി) പൊതുമേഖല സ്പിന്നിംഗ് മില്ലുകളിൽ എം.ഡി തസ്തികയിലേക്ക് നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തന പരിചയം, പ്രായപരിധി എന്നിവ വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിലേയും സഹകരണമേഖലയിലേയും സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടറുമാരുടെ സ്ഥിരനിയമനം നടത്തുമ്പോൾ താഴെ പറയുന്ന യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് 07.06.2018 തീയതിയിലെ കത്ത് മുഖേന റിയാബ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്

**<u>അടിസ്ഥാന യോഗ്യത</u>**

ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നുമുള്ള ടെക്സ്റ്റൈൽ എഞ്ചിനീയറിംഗിൽ ബിരുദം/ തത്തുല്യം, യോഗ്യത നേടിയതിനു ശേഷമുള്ള 5 വർഷത്തെ ഇൻഡസ്ട്രിയൽ പ്രവർത്തി പരിചയം. സീനിയർ മാനേജർ തലത്തിൽ കുറഞ്ഞത് 2 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

അഥവാ

ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നുമുള്ള ടെക്സ്റ്റൈൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും 10 വർഷത്തെ ഇൻഡസ്ട്രിയൽ പ്രവർത്തി പരിചയം. സീനിയർ മാനേജർ തലത്തിൽ കുറഞ്ഞത് 2 വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.

ഇൻഡസ്ട്രിയൽ ഫിനാൻസ്, മാർക്കറ്റിംഗ്/ പ്രൊഡക്ഷൻ എന്നിവയിലുള്ള പ്രവർത്തിപരിചയം അഭിലഷണീയം.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം സ്പിന്നിംഗ് മിൽ എം.ഡി-മാരുടെ പേരിലാണ് അഴിമതി, ക്രമക്കേട് എന്നീ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വിശദീകരിക്കാമോ; | (ഡി) | ഈ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല. |
| (ഇ) | വിജിലൻസ് ക്ലിയറൻസില്ലാത്തവരുടെ നിയമനം റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | 2016 ഒക്ടോബർ 20 നശേഷം സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടറുമാരുടെ ചാർജ്ജ് അറേഞ്ച്മെന്റ് മാത്രമാണ് നടത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**